<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2537**</u> <u>**04-03-2025 - ൽ മറുപടിയ്ക്ക്**</u>

<u>**എം.എസ്.എം.ഇ. നിർവ്വചനത്തിൽ ഉണ്ടായ മാറ്റത്തിനു ശേഷം ഉൾപ്പെടുത്തിയ കൃഷി അനുബന്ധ വ്യാപാര സ്ഥാപനങ്ങൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2021-ലെ കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനത്തിൽ ഉണ്ടായ മാറ്റത്തിന് ശേഷം സംസ്ഥാനത്ത് എത്ര ചെറുകിട ഇടത്തരം വ്യാപാരങ്ങൾ വ്യവസായ വകുപ്പിന്റെ പട്ടികയിൽ കൃഷി അനുബന്ധ മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയുടെ പേര്, വിലാസം, സ്ഥലം, തുടങ്ങിയ തീയതി അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | (എ) | കേന്ദ്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം മന്ത്രാലയത്തിന്റെ 02.07.2021-ലെ ഓഫീസ് മെമ്മോറാണ്ടം നമ്പർ 5/2(2)/2021-E/P&G/Policy പ്രകാരം ഇന്ത്യയിൽ പ്രവർത്തിച്ചു വരുന്ന ചില്ലറ മൊത്ത വ്യാപാര സ്ഥാപനങ്ങളെ എം.എസ്.എം.ഇ കളുടെ ഗണത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. ഇത് മുഖേന, വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എം.എസ്.എം.ഇ-കൾക്ക് ഉദ്യം രജിസ്ട്രേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കും.<br><br>2021-ൽ ഉദ്യം രജിസ്ട്രേഷൻ നേടിയ മൈക്രോ, സ്മോൾ, മീഡിയം സംരംഭങ്ങളുടെ എണ്ണം ആകെ 85143 ആയിരുന്നു. എന്നാൽ നിലവിൽ ആകെ 1452932 സംരംഭങ്ങൾ ഉദ്യം അസിസ്റ്റ് പ്ലാറ്റ്ഫോമിൽ ഉൾപ്പെടെ രജിസ്ട്രേഷൻ നേടിയിട്ടുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്ത് കൃഷി അനുബന്ധ മേഖലയിൽ ഉൾപ്പെടുത്തിയ സംരംഭങ്ങളുടെ ലിസ്റ്റ് പ്രത്യേകമായി പോർട്ടലിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ